(ബി) നബാർഡ് ധനസഹായത്തോടെയുള്ള പ്രസ്തുത പദ്ധതി നടപ്പിലാക്കാത്ത സാഹചര്യത്തിൽ ഇപ്പോൾ പദ്ധതിയുടെ പുതുക്കിയ എസ്റ്റിമേറ്റ് സഹിതം ഭരണാനുമതിക്കായി സമർപ്പിക്കപ്പെട്ടിട്ടുള്ള വിവരം അറിയുമോ; എങ്കിൽ അതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(സി) പ്രസ്തുത പദ്ധതി നബാർഡ് ധനസഹായത്തോടെ പൂർത്തിയാക്കുമെന്ന് ഉറപ്പ് നൽകിയിട്ടുണ്ടോ;

(ഡി) എങ്കിൽ നബാർഡ് ധനസഹായത്തോടെ നടപ്പു സാമ്പത്തിക വർഷം തന്നെ ഫണ്ട് അനുവദിച്ച് ഭരണാനുമതി ലഭ്യമാക്കുവാൻ നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്. 28-2-2011-ലെ സ.ഉ.(സാധാ) നമ്പർ 372/2011/പൊ.മ.വ. ഉത്തരവ് പ്രകാരം അപ്രോച്ച് റോഡിനും സ്ഥലം ഏറ്റെടുക്കുന്നതിനുമായി 500 ലക്ഷം രൂപയുടെ ഭരണാനുമതിയും 7-7-2011-ലെ സ.ഉ.(സാധാ) നമ്പർ 900/2011/ പൊ.മ.വ. പ്രകാരം 747 ലക്ഷം രൂപയ്ക്കുള്ള ഭരണാനുമതിയും നൽകിയിട്ടുണ്ട്.

(ബി-ഡി) ഇപ്പോൾ പരിഗണനയിൽ ഇല്ല.

കുട്ടംവാതുക്കൽ കടവ് പാലം

313(3200) ശ്രീ. സി. കെ. സദാശിവൻ : താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കരുനാഗപ്പള്ളി, കായംകുളം, ഹരിപ്പാട് മണ്ഡലങ്ങളെ തമ്മിൽ ബന്ധിപ്പിക്കുന്ന കുട്ടംവാതുക്കൽ കടവ് പാലത്തിന്റെ നിർമ്മാണത്തിന്റെ തൽസ്ഥിതി വിശദമാക്കാമോ?

ഉത്തരം

കുട്ടംവാതുക്കൽ കടവ് പാലം നിർമ്മാണത്തിനാവശ്യമായ ഭൂമി ഏറ്റെടുക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

ആർ.ഐ.ഡി.എഫ്.- 20-ലുൾപ്പെടുത്തിയ പദ്ധതികൾ

314(3201) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആർ.ഐ.ഡി.എഫ്.- 20 ലുൾപ്പെടുത്തി പൊതുമരാമത്ത് വകുപ്പിന് എത്ര കോടി രൂപയുടെ പദ്ധതികൾക്കാണ് അംഗീകാരം ലഭിച്ചിട്ടുള്ളത് ; പദ്ധതികളും അവയ്ക്ക് അനുവദിച്ച തുകയും വ്യക്തമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) അനുവദിക്കപ്പെട്ട പദ്ധതികളിൽ ഏതൊക്കെ പദ്ധതികളാണ് ടെണ്ടർ ചെയ്തിട്ടുള്ളത്; ഇവയിൽ എഗ്രിമെന്റ് വച്ചിട്ടുള്ളവ എത്ര ; എത്ര പ്രവൃത്തികളുടെ നിർമ്മാണം ആരംഭിച്ചിട്ടുണ്ട് എന്ന വിവരം പേരുസഹിതം അറിയിക്കുമോ ;

(സി) പദ്ധതിയുടെ അംഗീകാരത്തിനായി സമർപ്പിച്ചിരുന്ന സമയത്തെ പി.ഡബ്ല്യു.ഡി. ഷെഡ്യൂൾ ഓഫ് റേറ്റിൽ ഇപ്പോൾ മാറ്റം വന്നിട്ടുള്ളതിനാൽ, സാങ്കേതികാനുമതിക്കായി എസ്റ്റിമേറ്റുകൾ സമർപ്പിക്കുമ്പോൾ പഴയ എസ്റ്റിമേറ്റിനേക്കാൾ ദൂരം കുറയുന്നതിനാൽ വീണ്ടും ഇതനുസരിച്ച് ഭരണാനുമതി പുതുക്കണമെന്നും ദൂരം കുറയുന്നതിനാൽ സ്വാഭാവികമായും അനുവദിക്കപ്പെട്ട തുകയിലും കുറവു വരുത്തണമെന്നും പൊതുമരാമത്ത് വകുപ്പ് നിലപാട് എടുത്തിട്ടുണ്ടോ ; എങ്കിൽ ഇതിന്റെ കാരണം വിശദാംശം സഹിതം വ്യക്തമാക്കാമോ ;

(ഡി) ആർ.ഐ.ഡി.എഫ്-20 ൽ അനുവദിക്കപ്പെട്ട എത്ര പ്രവൃത്തികൾക്ക് ഇത്തരത്തിൽ മാറ്റം വരുത്തി ഉത്തരവ് വീണ്ടും നൽകേണ്ടിവന്നിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ; ഏതൊക്കെ പ്രവൃത്തികളുടെ എത്രവീതം തുക ഇങ്ങനെ കുറച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ?

<u>ഉത്തരം</u>

(എ) ആർ.ഐ.ഡി.എഫ്.-20-ൽ ഉൾപ്പെടുത്തി പൊതുമരാമത്ത് വകുപ്പിന് 255.1899 കോടി രൂപയുടെ പദ്ധതികൾക്കാണ് അംഗീകാരം ലഭിച്ചിട്ടുള്ളത്. പദ്ധതികളും അവയ്ക്ക് അനുവദിച്ച തുകയും അനുബന്ധം I ആയി ചേർത്തിരിക്കുന്നു.*

(ബി) അനുവദിക്കപ്പെട്ട പദ്ധതികളിൽ 25 എണ്ണം ടെണ്ടർ ചെയ്യുകയും ഇതിൽ 21 എണ്ണം എഗ്രിമെന്റ് വച്ച് പണി ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. പ്രവൃത്തികളുടെ വിവരങ്ങൾ അനുബന്ധം 2 ആയി ചേർത്തിരിക്കുന്നു.*

(സി) ഭരണാനുമതി ലഭിക്കുന്ന പദ്ധതികൾക്ക് ചെയിനേജിൽ വ്യത്യാസം വരികയോ, ഭരണാനുമതിയിലെ പദ്ധതിയുടെ ഉദ്ദേശത്തിന് കാതലായ മാറ്റം വന്നാലോ സാങ്കേതികാനുമതി നൽകുന്നതിനു മുമ്പായി സർക്കാരിൽനിന്നും അംഗീകാരം നൽകേണ്ടതുണ്ട്. അല്ലാത്തപക്ഷം കൂടിയ തുകയുള്ള എസ്റ്റിമേറ്റ് തയ്യാറാക്കി പുതുക്കിയ ഭരണാനുമതിക്ക് സർക്കാർ അംഗീകാരം നൽകേണ്ടതുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) ആർ.ഐ.ഡി.എഫ്.20-ൽ ഉൾപ്പെട്ട പത്തനംതിട്ട ജില്ലയിലെ അയ്യല അരുവച്ചാൽകഴി റോഡിന് സാങ്കേതികാനുമതി നൽകേണ്ട ഘട്ടത്തിൽ കോസ്റ്റ് ഇൻഡെക്സിൽ വ്യത്യാസം വന്നതിനാൽ എസ്റ്റിമേറ്റ് തുകയിൽ വ്യത്യാസം വരാതെ ചെയിനേജിൽ കുറവു വരുത്തി തയ്യാറാക്കിയ പുതുക്കിയ പദ്ധതി റിപ്പോർട്ടിന് ഭരണാനുമതി നൽകുന്നതിന് സർക്കാർ പരിഗണിച്ചുവരുന്നു.

കോവളം-വടമൺ-ഏറം PWD റോഡ്

315(3202) <u>ശ്രീ. കെ. രാജു</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുനലൂർ നിയോജകമണ്ഡലത്തിൽ ഉൾപ്പെട്ട അഞ്ചൽ ഗ്രാമ പഞ്ചായത്തിലെ കോവളം-വടമൺ-ഏറം പി. ഡബ്ല്യു. ഡി. റോഡിൽ ഏറം ഭാഗത്ത് ഒരു കലുങ്ക് തകർന്ന് നിലവിൽ വാഹന ഗതാഗതം നിർത്തി വച്ചിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത കലുങ്കിന്റെ പുനർനിർമ്മാണത്തിന് എന്തൊക്കെ അടിയന്തര നടപടികളാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) അപകടനിലയിലായ കലുങ്ക് പുനർനിർമ്മിക്കുന്നതിനായി എസ്റ്റിമേറ്റ് എടുക്കുകയും 10 ലക്ഷം രൂപയുടെ ഭരണാനുമതി നൽകുകയും ചെയ്തിട്ടുണ്ട്. എത്രയും വേഗത്തിൽ നിർമ്മാണ പ്രവൃത്തി പൂർത്തിയാക്കാൻ കഴിയുന്നതാണ്.

(2830, 2834, 2835, 2836, 2837,2838, 2839, T2840, 2842, 2843, 2844, 2846, 2847, 2849, 2850, 2851, 2855, 2856, 2858, 2859, 2862, 2863, 2864, 2886, 2887, 2892, 2902, 2909, 2914, 2920, 2926, 2937, 2942, 2947, 2951, 2956, 2959, 2960, 2963, 2966, 2967, 2969, 2971, 2972, 2973, 2974, 2975, 2977, 2979, 2980, 2986, 3017, 3053, 3057, 3059, 3086, 3100, 3102, 3161 എന്നീ നമ്പർ നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ എഡിറ്റിംഗ് ബ്രാഞ്ചിൽ ലഭ്യമായിട്ടില്ല)

(ചോദ്യോത്തരങ്ങൾ കഴിഞ്ഞു.)

LIBRARY ARCHIVES Kerala Legislative Assembly